(ബി) കിഴക്കെ കല്ലട, അടൂർ, ശാസ്താംകോട്ട, റാന്നി, ചെന്നീർക്കര, പുനലൂർ, കരവാളൂർ, തേവലക്കര, ഇളമാട്, തൃക്കോവിൽവട്ടം, തൃക്കരുവ, ചിതറ,

(സി) പുനലൂർ, കരവാളൂർ, തൃക്കോവിൽവട്ടം എന്നിവയുടെ ജോലി ആരംഭിച്ചിട്ടുണ്ട്. ഇളമാട്, തൃക്കരുവ എന്നീ വില്ലേജ് ഓഫീസുകളുടെ ജോലി ഉടൻ ആരംഭിക്കുന്നതാണ്. ബാക്കിയുള്ളവയുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.

ഗിരിവർഗ്ഗക്കാർക്കുവേണ്ടി കർഷക സഹകരണ സംഘം

1268 [2036] ശ്രീ. കല്ലട നാരായണൻ:

,, ത്യാഗരാജൻ;

,, എ. വി. താമരാക്ഷൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ഗിരിവർഗ്ഗക്കാർക്കുവേണ്ടി ഒരു കർഷക സഹകരണസംഘം രൂപീകരിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ സംഘത്തിലുള്ളവർക്ക് കൃഷിചെയ്യുവാൻ എത്ര ഹെക്ടർ സ്ഥലം നീക്കിവെച്ചിട്ടുണ്ട്;

(ഡി) ഈ സംഘം രൂപീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തു കൊണ്ട്?

ഉത്തരം

(എ) ഇല്ല.

(ബി) ബിയ്യും സിയ്യും

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) അങ്ങിനെ ഒരു സംഘം രൂപീകരിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ലാത്തതുകൊണ്ട്.

കോഴിക്കോട് ഹോംസെയിൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ

1269 [2037] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹോംസെയിൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ റീവൈറ്റലൈസ് ചെയ്യാൻ ഗവൺമെന്റിന് വല്ല പരിപാടിയുമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്ഥാപനം ലിക്വിഡേറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നതായി കേൾക്കുന്നത് ശരിയാണോ;

(സി) ആണെങ്കിൽ ലിക്വിഡേഷൻ നടപടി നിർത്തിവെച്ച് റീവൈറ്റലൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അക്കാര്യം പരിഗണിച്ചുകൊണ്ടിരിക്കുന്നു.
(ബി) ശരിയല്ല.
(സി) മുൻ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കാർഷികവായ്പകൾക്ക് ഈടാക്കുന്ന പലിശനിരക്ക്

1270 [2038] ശ്രീ. സിറിയക്ക് ജോൺ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷികവായ്പകൾക്ക് ഈടാക്കുന്ന പലിശനിരക്ക് എത്ര ശതമാനം ചുരുക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

നിലവിലുള്ള പലിശനിരക്ക് ഇനിയും കുറയ്ക്കുക എന്നത് ഇന്നത്തെ സാഹചര്യത്തിൽ വിഷമമുള്ള കാര്യമാണ്. എന്നാൽ Interest subsidy നൽകി കാർഷികവായ്പകൾക്ക് പലിശ നിരക്ക് മൂന്നുശതമാനം കണ്ടു കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്.

വില്ലേജുകളിൽ പട്ടയവും തണ്ടപ്പേരും ഉള്ള ആളുകളുടെ എണ്ണം

1271 [2043] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ താലൂക്കിലും ഉള്ള വില്ലേജുകളിൽ പട്ടയവും തണ്ടപ്പേരും ഉള്ള ആളുകളുടെ എണ്ണം ഏറ്റവും കൂടിയതും ഏറ്റവും കുറഞ്ഞതുമായ വില്ലേജുകൾ ഏവ; ഓരോ വില്ലേജിലും ഉള്ള എണ്ണം എത്ര?

(ബി) ഓരോ വില്ലേജിലും അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും പട്ടയവും തണ്ടപ്പേരുകളുടെഎണ്ണവും തമ്മിൽ ഏതെങ്കിലും അനുപാതം പാലിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അതിന്റെ ആവശ്യം ഉണ്ടെന്നോ ഗവൺമെന്റ് കരുതുന്നുണ്ടോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *
(ബി) ഇല്ല.
(സി) വില്ലേജുകൾ പുനഃസംഘടിപ്പിക്കുന്ന സമയത്ത് ഇതുകൂടി കണക്കിലെടുക്കുന്നതാണ്.

* അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly